# കേരള സർവകലാശാല

നം.പി.ആർ.135/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ടൈംടേബിൾ

കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (2013 അഡ്മിഷന് മുൻപ്) മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. മൂന്നാം സെമസ്റ്റർ പരീക്ഷ ജൂൺ 28 നും നാലാം സെമസ്റ്റർ പരീക്ഷ ജൂലൈ 2 നും ആരംഭിക്കുന്നതാണ്. വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി തങ്ങൾക്കനുവദിച്ചിരിക്കുന്ന യു. ഐ.ടി സെന്ററുകളിൽ പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവാ വോസി

2019 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ വൈവാ വോസി ജൂൺ 26 ന് തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം ഡിസംബർ 2018, ഫെബ്രുവരി 2019 ൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എ ഇംഗ്ലീഷ് സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. കരട് മാർക്ക് ലിസ്റ്റ് ജൂലൈ 10 മുതൽ ഇ.ജി IV സെക്ഷനിൽ നിന്നും ഹാൾടിക്കറ്റ് ഹാജരാക്കി കൈപ്പറ്റാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ എം.എ മ്യൂസിക് പഠനവകുപ്പിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. യോഗ്യതയുള്ള വിദ്യാർത്ഥികൾ ജൂൺ 27 ന് പ്രവേശനപരീക്ഷയ്ക്ക് തയ്യാറായി അതാതു ഡിപ്പാർട്ട്മെന്റിൽ എത്തിച്ചേരേണ്ടതാണ്.

## സീറ്റൊഴിവ്

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (മോർണിംഗ് ബാച്ച്) കോഴ്സിന് സീറ്റൊഴിവുണ്ട്. യോഗ്യത: പ്രീഡിഗ്രി/പ്ലസ്ടു. പ്രവേശനത്തിന് പി. എം.ജി ജംഗ്ഷനിലുള്ള സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 – 2302523.

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അഡ്വാൻസ്ഡ് ഫങ്ഷണൽ ഇംഗ്ലീഷ് ആന്റ് പബ്ലിക് സ്പീക്കിംഗ് കോഴ്സ്, പി.ജി ഡിപ്ലോമ ഇൻ യോഗാ തെറാപ്പി കോഴ്സ് (മോർണിംഗ് ബാച്ച്) എന്നീ കോഴ്സുകൾക്ക് ജൂൺ 29 വരെ അപേക്ഷിക്കാം. അപേക്ഷാ ഫോറത്തിന് സർവകലാശാല സെനറ്റ് ഹാൾ കാമ്പസ്സിലെ എസ്.ബി.ഐ ബാങ്കിൽ **A/c No. 57002299878** ൽ 100 രൂപ അടച്ച രസീത് സഹിതം പി.എം.ജി ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ കാമ്പസിലുള്ള CACEE ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക്: 0471 – 2302523

## കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019 കമ്മ്യൂണിറ്റി ക്വാട്ട/ സ്പോർട്സ് ക്വാട്ട പ്രവേശനം ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

2019–2020 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ട പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുവാൻ അവസരം നൽകുന്നു. ജൂൺ 22 മുതൽ 30 വരെ വിദ്യാർത്ഥികൾക്ക് തിരുത്തലുകൾ വരുത്താവുന്നതാണ്. തിരുത്തലുകൾക്ക് വേണ്ടി സർവകലാശാലയെ സമീപിക്കേണ്ടതില്ല. കമ്മ്യൂണിറ്റി ക്വാട്ട / സ്പോർട്സ് ക്വാട്ട ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 30.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഇൻഡക്ഷൻ പ്രോഗ്രാം

2019 – 20 അധ്യയന വർഷത്തേയ്ക്ക് കേരള സർവകലാശാലയിലെ വിവിധ പഠന ഗവേഷണ വകുപ്പുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി 2019 ജൂൺ 25–ാം തീയതി രാവിലെ 10.30 ന് കേരള സർവകലാശാല, സെനറ്റ് ഹൗസ് ക്യാമ്പസിൽ വച്ച് സ്റ്റുഡന്റ് ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിക്കുന്നു.

വിവിധ പഠന വകുപ്പുകൾ സംഘടിപ്പിക്കുന്ന വകുപ്പുതല ഇൻഡക്ഷൻ പ്രോഗ്രാമിനു പുറമെ നടത്തുന്നതാണ് 25–ാം തീയതിയിലെ കേന്ദ്രീകൃത സ്റ്റുഡന്റ് ഇൻഡക്ഷൻ പ്രോഗ്രാം.ഇൻഡക്ഷൻ പ്രോഗ്രാമിൽ വൈസ്ചാൻസലർ പ്രൊ.(ഡോ.)വി.പി.മഹാദേവൻപിള്ള അദ്ധ്യക്ഷനായിരിക്കും. പ്രൊ. വി. കെ. രാമചന്ദ്രൻ, വൈസ് ചെയർമാൻ, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, പ്രൊ. (ഡോ.) സാബു തോമസ്, വൈസ് ചാൻസലർ, മഹാത്മാ ഗാന്ധി സർവകലാശാല, കോട്ടയം, പ്രൊ. എസ്. കെ. സതീഷ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയ പ്രമുഖർ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുന്നതായിരിക്കും. ചടങ്ങിൽ പ്രൊ – വൈസ് ചാൻസർ ഡോ. പി. പി. അജയകുമാർ ആശംസകൾ അർപ്പിക്കുകയും,രജിസ്ട്രാർ ഡോ. സി. ആർ. പ്രസാദ് നന്ദിപറയുകയും ചെയ്യും. ഇൻഡക്ഷൻ പ്രോഗ്രാമിന്റെ ഭാഗമായി സർവകലാശാല വിദ്യാർത്ഥികൾക്കു വേണ്ടി ഒരുക്കുന്ന പഠന – പഠനേതര സേവനങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ

ബോധവൽക്കരിക്കുന്നതാണ്.  ഇത്തരം സേവനങ്ങളിൽ ഉൾപ്പെടുന്നതാണ് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം, കേരള സർവകലാശാല ഫിനിഷിംഗ് സ്കൂൾ, ഇൻസ്റ്റിറ്റ്യൂഷൻ ഇന്നവേഷൻ കൗൺസിൽ, ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി, സ്വയം കോഴ്സസ്, ആന്റി – റാഗിംങ് സെൽ, പ്ലെയ്സ്മെന്റ് സെൽ, സ്റ്റുഡന്റ്സ് സർവീസസ്, കേരള യൂണിവേഴ്സിറ്റി – ടെക്നോളജി ബിസിനസ് സ്റ്റാർട്ട്അപ്പ് സെന്റർ, കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ – യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം മുതലായവ.

തിരുവനന്തപുരം,

24–06–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com  website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098